ഇന്ത്യ ഫൗണ്ടേഷൻ ഫോർ ദ ആർട്സ് (ഐഎഫ്എ) ന്റെ
ആർട്സ് എജ്യൂക്കേഷൻ
പരിപാടിയുടെ ഭാഗമായുള്ള
കലാ സംയോജിത പദ്ധതികൾക്കായി (ആർട്സ്-ഇന്റഗ്രേറ്റഡ് പ്രോജക്ട്സ്)
ഇന്ത്യയിലെ നോൺ മെട്രോപൊളിറ്റൻ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന
എയിഡഡ് സ്കൂളുകളിലും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന
സർക്കാരിതര സ്കൂളുകളിൽ നിന്നും
പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു.

അവസാന തീയതി: **December 15, 2026**

കലയും വിദ്യാഭ്യാസവും ഏകോപിപ്പിച്ചുകൊണ്ട്, ഇന്ത്യ ഫൗണ്ടേഷൻ ഫോർ ദി ആർട്സ് (ഐ എഫ് എ) വിഭാവനം ചെയ്യുന്ന പദ്ധതിയാണ് ആട്സ്-ഇന്റഗ്രേറ്റഡ് പ്രോജക്ട്സ്. ഇന്ത്യയിലെ നോൺ മെട്രോപൊളിറ്റൻ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന എയിഡഡ് സ്കൂളുകളിലും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സർക്കാരിതര സ്കൂളുകളിലും കലയും വിദ്യാഭ്യാസവും ഏകോപിപ്പിച്ചുകൊണ്ടുള്ള കലാപഠനമാതൃകയിലൂന്നിയ ഒരു വിദ്യാഭ്യാസ പ്രക്രിയയാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്

പാഠ്യപദ്ധതിയിലധിഷ്ഠിതമായ വിദ്യാഭ്യാസപ്രക്രിയയിൽ വിവിധ കലാരൂപങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾ പഠനത്തെ കൂടുതൽ ആകർഷകവും ആസ്വാദ്യവുമാക്കിത്തീർക്കുന്ന ഒരു കലാപഠനപദ്ധതിയാണ് കലി-കലിസു (കന്നഡയിൽ 'പഠിക്കുക', 'പഠിപ്പിക്കുക' എന്നർത്ഥം).

ഈയൊരു ആശയത്തിന്റെ പശ്ചാത്തലത്തിലാണ് എയിഡഡ് സ്കൂളുകളിൽ നിന്നും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സർക്കാരിതര സ്കൂളുകളിൽ നിന്നും ഐഎഫ്എ പ്രോജക്ട് പ്രൊപ്പോസലുകൾ ക്ഷണിക്കുന്നത്. കലാപഠനാടിസ്ഥാനത്തിലുള്ള പാഠ്യപദ്ധതിയിലൂടെ വിദ്യാർത്ഥികളുടെ ജിജ്ഞാസയും ക്രിയാത്മകതയും പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയങ്ങളെയാണ് ഈ പദ്ധതിയുടെ ഭാഗമാക്കാന് ഐഎഫ്എ ലക്ഷ്യമാക്കുന്നത്.

മുൻ വർഷങ്ങളിലെ പ്രോജക്ടുകളെക്കുറിച്ച് കൂടുതൽ അറിയാൻ ഇവിടെ ക്ലിക്ക് ചെയ്യുക.

പദ്ധതിയുടെ സാദ്ധ്യതകൾ:

താഴെ പറയുന്ന ലക്ഷ്യങ്ങളിൽ ഒന്നോ അതിലധികമോ പരിഗണിക്കാവുന്നതാണ്:

- പ്രാദേശിക കലാരൂപങ്ങളും സാംസ്കാരിക പരിപാടികളും അധ്യാപനവും പഠനവുമായി സംയോജിപ്പിക്കുക.
- എല്ലാ വിഷയങ്ങളുടെയും അധ്യാപന-പഠന പ്രക്രിയകളിൽ കലയെ ഏകോപിപ്പിക്കുക.
- പഠന പ്രക്രിയയില് വിദ്യാർത്ഥികളുടെ ജീവിതാനുഭവങ്ങള് കൂടി ഉള്പ്പെടുത്തുക.
- പ്രാദേശിക കലാകാരന്മാരുമായും കലയുമായി ബന്ധപ്പെട്ട സാമൂഹിക ഇടങ്ങളുമായും സഹകരിക്കുക

പദ്ധതിയുടെ കാലാവധി : കുറഞ്ഞത് ഒരു വർഷം, പരമാവധി ഒരു വർഷവും ആറു മാസവും വരെ

ബജറ്റ് : പരമാവധി **₹4,00,000/-** (നാല് ലക്ഷം രൂപ)

അപേക്ഷിക്കാനുള്ള അർഹത :

പ്രാദേശിക ഭാഷകൾ ഉപയോഗിക്കുകയും, അധ്യാപന-പഠന പ്രക്രിയയ്ക്ക് കലയും സംസ്കാരവും അവിഭാജ്യമാണെന്ന് വിശ്വസിക്കുകയും ചെയ്യുന്ന മെട്രോപൊളിറ്റൻ അല്ലാത്ത പ്രദേശങ്ങളിലെ എയിഡഡ് സ്കൂളുകൾക്കോ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സർക്കാരിതര സ്കൂളുകൾക്കോ അപേക്ഷിക്കാവുന്നതാണ്.

യോഗ്യത:

- സ്കൂൾ സൊസൈറ്റി റെജിസ്ട്രേഷൻ ആക്ട് 1860 / ഇന്ത്യൻ ട്രസ്റ്റ് ആക്ട് 1882 പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സ്ഥാപനത്തിന്റെ ഉടമസ്ഥതയിലോ പ്രവർത്തനത്തിലോ ആയിരിക്കണം.
- കുറഞ്ഞത് മൂന്ന് വർഷമായി പ്രവർത്തനനിരതമായിരിക്കണം.
- കുറഞ്ഞത് രണ്ട് വർഷത്തെ ഓഡിറ്റ് ചെയ്ത അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ഉണ്ടായിരിക്കണം.
- സാധുവായ പാന് (PAN) ഉണ്ടായിരിക്കണം.

സമർപ്പിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ:

നിങ്ങളുടെ പ്രൊപ്പോസൽ ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ഏത് ഇന്ത്യൻ ഭാഷയിലും എഴുതാം. ഇംഗ്ലീഷ് ഇതര ഇന്ത്യൻ ഭാഷകളിൽ സമർപ്പിക്കുന്ന പ്രോജക്ടുകളെയാണ് ഐഎഫ്എ പ്രോത്സാഹിപ്പിക്കുന്നത്.

അന്തിമ പ്രൊപ്പോസലിൽ താഴെ പറയുന്നവ ഉൾപ്പെടുത്തണം:

- പ്രോജക്ടിന്റെ ശീർഷകം
- സ്കൂളിന്റെ മിഷൻ/ വിഷൻ/ സ്കൂളിനെപറ്റിയുള്ള പൂർണമായ വിവരങ്ങൾ
- വിദ്യാർത്ഥികളുടെ സാമൂഹ്യ-സാംസ്കാരിക പശ്ചാത്തലം
- നിർദ്ദേശിക്കുന്ന പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ
- രീതിശാസ്ത്രവും പദ്ധതിപ്രവർത്തനങ്ങളുടെ വിശദമായ രൂപരേഖയും
- പ്രോജക്ടിൽ പങ്കാളികളായിരിക്കുന്ന വ്യക്തികളുടെ വിവരങ്ങൾ
- പ്രോജക്ട് മൂല്യനിർണ്ണയം ചെയ്യുന്ന പ്രക്രിയ
- പ്രോജക്ടിൽ നിന്ന് പ്രതീക്ഷിക്കുന്ന ഫലങ്ങൾ
- ബജറ്റിന്റെ വിശദമായ വിഭജനം

അനുബന്ധ രേഖകളിലാ ഉള്പ്പെടുത്തേണ്ടവ:

- ട്രസ്റ്റ് ഡീഡ് / മെമ്മോറൻഡം ഓഫ് അസോസിയേഷന്റെ പകർപ്പ്
- നിലവിലെ ട്രസ്റ്റികളുടെ / അംഗങ്ങളുടെ പട്ടികയും പ്രൊഫൈലും
- 12A / സൊസൈറ്റി ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ പകർപ്പ്
- കഴിഞ്ഞ രണ്ട് വർഷത്തെ ഓഡിറ്റർ റിപ്പോർട്ട് / ഓഡിറ്റ് ചെയ്ത അക്കൗണ്ട് സ്റ്റേറ്റ്മെന്റ്
- സ്ഥാപനത്തിന്റെ PAN കാർഡിന്റെ പകർപ്പ്
- മുൻപോ നിലവിലോ നടത്തിയ കലാപഠന പ്രവർത്തനങ്ങളുടെ വിവരങ്ങൾ (എന്തെങ്കിലും ഉണ്ടെങ്കിൽ)

എല്ലാ അനുബന്ധ രേഖകളും സഹിതമുള്ള അന്തിമ പ്രൊപ്പോസൽ 25 MB-യിൽ താഴെയുള്ള ഒറ്റ ഇമെയിലായി **December 15, 2026**-ന് മുമ്പ് deepak@indiaifa.org-ലേക്ക് അയയ്ക്കുക.
Subject line: IFA National Schools 2026-27 Proposal

അപൂർണ്ണമായ പ്രൊപ്പോസലുകളും യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കാത്ത അപേക്ഷകരും നിരസിക്കപ്പെടും.

തിരഞ്ഞെടുപ്പ് പ്രക്രിയ:

ഷോർട്ട് ലിസ്റ്റ് ചെയ്ത പ്രൊപ്പോസലുകളുടെ അപേക്ഷകർ തങ്ങളുടെ പ്രോജക്ട് ആശയങ്ങൾ ഒരു ബാഹ്യപാനലിന് മുന്നിൽ വിലയിരുത്തലിനായി അവതരിപ്പിക്കേണ്ടതുണ്ട്. ഐഎഫ്എ-യുടെ തീരുമാനം അന്തിമമായിരിക്കും.

തിരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രോജക്ടുകളും ഐ എഫ് എ നടപ്പാക്കും.

പ്രധാന തീയതികൾ:

- അന്തിമ പ്രൊപ്പോസൽ സമർപ്പിക്കാനുള്ള അവസാന തീയതി: **December 15, 2026**
- നടപ്പാക്കാൻ തിരഞ്ഞെടുത്ത പ്രോജക്ടുകൾ **January 2027** പ്രഖ്യാപിക്കും.

ഐഎഫ്എ കുട്ടികളെയും യുവാക്കളെയും പിന്തുണയ്ക്കുന്നതും ആദരിക്കുന്നതും സംരക്ഷിക്കുന്നതുമായ ഒരു സുരക്ഷിത പരിസ്ഥിതി സൃഷ്ടിക്കാൻ പ്രതിജ്ഞാബദ്ധമാണ്. അപേക്ഷകർ ഇതിനോട് യോജിക്കണമെന്നും എല്ലാ സമയത്തും ഇത് പാലിക്കണമെന്നും ശ്രദ്ധിക്കുക.